*ഔഷധനിർമ്മാണം ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്ന മേഖലയാണ്. പക്ഷേ വിശ്വാസ്യതക്കുറവ് എന്ന കൊടിയ വിപത്തിനെ നേരിടാൻ ഇതൊന്നും തടസ്സമായിക്കൂടാ. അവരുടെ ഭാഗത്തുനിന്നും ഒറ്റയ്ക്കും കൂട്ടായും ഈ പ്രതിസന്ധി മറികടക്കാൻ ആത്മാർത്ഥമായ ശ്രമങ്ങളുണ്ടാകേണ്ടിയിരിക്കുന്നു. അക്കാര്യത്തിൽ വരുന്ന വീഴ്ചയും വൈകലും ആയുർവേദമെന്ന ശാഖയെത്തന്നെ അപകടത്തിൽപ്പെടുത്തിയേക്കുമെന്ന സ്ഥിതി നിലവിലുണ്ടെന്നത് കാണാതിരിക്കരുത്.*



മേമ്പൊടി

# വേണം പുതിയൊരു ഔഷധജാഗ്രത

*ഡോ. എം. പ്രസാദ്*



സമൂഹത്തിലെ ആയുർവേദത്തിന്റെ സാന്നിധ്യം സാങ്കേതികമായി നോക്കിയാൽ വർദ്ധിച്ചുവരികയാണെന്നതിൽ സംശയമില്ല. എന്നാൽ അതേ സമയത്തു തന്നെ ആയുർവേദം ഏറ്റവുമധികം വിമർശിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കാലവും കൂടിയാണിത്. വിമർശനങ്ങളിലേറെയും അലോപ്പതി വൈദ്യസംഘടനകളിൽ നിന്നോ ചിലപ്പോഴൊക്കെ പ്രശസ്തരും അതിപ്രശസ്തരുമായ ചില ഡോക്ടർമാരിൽ നിന്നോ ആകാറുണ്ട്. ആയുർവേദത്തിന്റെ ശാസ്ത്രീയത ചോദ്യം ചെയ്തു കൊണ്ടുള്ള ആരോപണങ്ങളും ആയുർവേദത്തിൽ ഗവേഷണമില്ല എന്ന ആരോപണങ്ങളും ഉയർന്നു കേൾക്കാൻ തുടങ്ങിയിട്ടും കാലമേറെയായിട്ടുണ്ട്. ഇപ്പറഞ്ഞവ എല്ലാം തന്നെ പൊതുവിൽ നോക്കിയാൽ വളരെ 'ഉറക്കെ' ഉള്ള ആരോപണങ്ങളാണ്. എന്നാൽ അത്ര ഉച്ചത്തിലല്ലാതെ ആയുർവേദത്തിനെതിരെയുള്ള ഒരു പ്രചരണം തകൃതിയായി നടക്കുന്നുണ്ട്. അത് ആയുർവേദ മരുന്നുകൾ അപകടകരമായ പ്രത്യാഘാതങ്ങൾക്ക് വഴിവെയ്ക്കുന്നവയാണ് എന്ന പ്രചരണമാണ്. അലോപ്പതി ഡോക്ടർമാരിൽ ചെറുതല്ലാത്ത ഒരു വിഭാഗം ഈ പ്രചരണം കൊഴുപ്പിക്കുന്നവരായുണ്ട്. മരുന്നുകളിലെ പ്രിസർവേറ്റീവുകളെ സംബന്ധിച്ച്, ഘനലോഹസാന്നിധ്യത്തെക്കുറിച്ച്, അരിഷ്ടാസവങ്ങളുടെ ഉപയോഗം കരളും വൃക്കകളും നശിപ്പിക്കുമെന്ന രീതിയിൽ, ഗർഭിണികൾ നടത്തുന്ന ഔഷധസേവ ശിശുവിന്റെ നാഡികളെ നാശമാക്കുമെന്ന തരത്തിൽ, പ്രസവാനന്തര ശുശ്രൂഷ അപകടകരം, എന്ന രീതിയിലൊക്കെ ഈ പ്രചരണം ഒളിഞ്ഞും തെളിഞ്ഞും വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഇത് പൊതുജനങ്ങൾ സാമാന്യമായും രോഗികൾ വിശേഷിച്ചും മുഖവിലയ്ക്കെടുക്കാനാരംഭിച്ചിരിക്കുന്നു. നിഷ്പക്ഷമതികളായ ഡോക്ടർമാർ പോലും ഇത്തരം ആരോപണങ്ങളിൽ വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ സ്ഥിതി തുടർന്നാൽ ഏറെ താമസിയാതെ ആയുർവേദ ഔഷധങ്ങൾ കഴിയ്ക്കുവാൻ ആളെ കിട്ടാത്ത സ്ഥിതി വന്നു ചേരും. ഇന്നത്തെ സ്ഥിതിയ്ക്കു നോക്കിയാൽ ആയുർവേദത്തിന് കളങ്കമുണ്ടാക്കുന്ന ഒന്നിലേറെ ഘടകങ്ങളെ കണ്ടെത്താൻ കഴിഞ്ഞേക്കാമെങ്കിലും അക്കൂട്ടത്തിൽ ഏറ്റവും പ്രധാന്യവും പ്രസക്തവും ആയിട്ടുള്ളത് ഔഷധങ്ങളെ സംബന്ധിച്ച വിശ്വാസക്കുറവാണ് എന്നു പറയേണ്ടിവരും. ഒരു സമ്പ്രദായത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കാൻ പാകത്തിന് അത് കരുത്താർജ്ജിച്ചു വരികയുമാണ്.

പ്രശസ്തിയും വിശ്വാസ്യതയുമുള്ള ഒട്ടേറെ ഔഷധ നിർമ്മാണക്കമ്പനികൾ ഈ രംഗത്ത് സജീവമായുണ്ട്. ഔഷധനിർമ്മാണമേഖല ഏറെക്കുറെ സുസംഘടിതവുമാണ്. ഔഷധനിർമ്മാണം ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്ന ഒരു മേഖലയാണ്. പക്ഷേ വിശ്വാസ്യതക്കുറവ് എന്ന കൊടിയ വിപത്തിനെ നേരിടാൻ ഇതൊന്നും തടസ്സമായിക്കൂടാ. അവരുടെ ഭാഗത്തുനിന്നും ഒറ്റയ്ക്കും കൂട്ടായും ഈ പ്രതിസന്ധി മറികടക്കാൻ ആത്മാർത്ഥമായ ശ്രമങ്ങളുണ്ടാകേണ്ടിയിരിക്കുന്നു. അക്കാര്യത്തിൽ വരുന്ന വീഴ്ചയും വൈകലും ആയുർവേദമെന്ന ശാഖയെത്തന്നെ അപകടത്തിൽപ്പെടുത്തിയേക്കുമെന്ന സ്ഥിതി നിലവിലുണ്ടെന്നത് കാണാതിരിക്കരുത്. വ്യവസായരംഗവും ചികിത്സകരും തമ്മിൽ വിൽപ്പനക്കാരും മരുന്നെഴുത്തുകാരും എന്നതിനപ്പുറത്തേയ്ക്കു വളരുന്ന ഒരു പുതിയ ബന്ധം ഉണ്ടാകേണ്ടിയിരിക്കുന്നു. വ്യക്തിബന്ധങ്ങളുടേയോ വ്യാപാരനേട്ടത്തിന്റേയോ അടിസ്ഥാനത്തിൽ ചില മീറ്റിങ്ങുകളോ സെമിനാറുകളോ നടത്തുകയോ നടത്താൻ സാമ്പത്തിക പിന്തുണ നൽകുകയോ ചെയ്യുന്നതിൽ ഇതവസാനിക്കുന്നില്ല. മറുത്തു പറയാനാകാത്ത അടുപ്പത്തിന്റെ പേരിൽ മാസികയിലേയ്ക്ക് ഒരു പരസ്യം നൽകുന്നതിലൂടെയും ഇതു തീരുന്നില്ല. അവയ്ക്കെല്ലാമപ്പുറത്ത് ശാസ്ത്രത്തിന്റെ വിശ്വാസ്യത നിലനിർത്തുവാനും പ്രയോഗങ്ങളിൽ കാലാനുരൂപമായ പരിഷ്ക്കാരങ്ങൾ വരുത്താനും വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കാനും എന്തെല്ലാം ചെയ്യാനാകുമെന്ന് കൂടിയിരുന്നാലോചിക്കാനും ഒത്തൊരുമിച്ച് പ്രവർത്തിക്കാനും ഉള്ള അവസരങ്ങളും വേദികളും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനായി ചികിത്സകന്മാരോടെന്നപോലെ, ഒരുപക്ഷേ അതിലധികമായിത്തന്നെ, അക്കാദമികളുമായി ക്രിയാത്മക സംവേദനങ്ങൾക്ക് വ്യവസായരംഗം മുന്നോട്ടു വരേണ്ടിയിരിക്കുന്നു. കൂടുതൽ മെച്ചപ്പെട്ട Student - Industry interface കൾക്ക് അക്കാദമികളും തയ്യാറാകേണ്ടിയിരിക്കുന്നു. ●

## എസ് എൻ എ ഔഷധശാല സ്ഥാപകദിനം ഉണ്ണിമൂസ്സ് ദിനം 2019

Since 1920

**വൃ**ക്ഷായുർവേദത്തിന്റെ പ്രചാരണത്തിന് കർമ്മപദ്ധതി ജനുവരിയിൽ - കൃഷി മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ.

“മണ്ണിന്റെ സന്തുലനവും മനുഷ്യന്റെ ആരോഗ്യവും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിച്ചു കഴിഞ്ഞാൽ രോഗമുക്തി സാധ്യമാകും. കൃഷി, ആരോഗ്യം, പ്രകൃതിസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെടുത്തിയിട്ടുള്ള ഒരു മൂവ്മെന്റ് ജനുവരിമാസം മുതൽ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. 63 ലക്ഷം കുടുംബങ്ങളിലേക്ക് ഈ സന്ദേശം എത്തിച്ചുകൊണ്ട് ആരോഗ്യരംഗത്ത് പുതിയ ചുവടുവെപ്പ് നടത്താൻ സർക്കാർ ശ്രമിക്കുന്നു.”

തൃശൂർ തൈക്കാട്ട് മൂസ്സ് എസ്.എൻ.എ ഔഷധശാലയുടെ സ്ഥാപകദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഔഷധസസ്യകൃഷി വ്യാപകമാക്കുന്നതിനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ക്ലാസ്സിക്കൽ ആയുർവേദത്തിന്റെ പ്രസക്തി ഇന്നു വളരെ കൂടുതലാണ്. അത് ലോകമെമ്പാടും പ്രചരിക്കപ്പെടുന്നത് എസ്.എൻ.എ പോലുള്ള സ്ഥാപനങ്ങളിലൂടെയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എസ്.എൻ.എ അങ്കണത്തിൽ വെച്ച് നടത്തിയ ചടങ്ങിൽ എസ്.എൻ.എ ജനറൽ മാനേജർ രാമൻ മൂണ്ടനാട് അധ്യക്ഷത വഹിച്ചു. ഇറ്റലിയിലെ ആയുർവേദിക് പോയിന്റ് ഡയറക്ടർമാരായ ഡോ. അന്റോണിയോ മൊറാന്റിയും കാർമൻടോസ്റ്റോയും മുഖ്യാതിഥികളായിരുന്നു. എസ്.എൻ.എ മാനേജിങ് ഡയറക്ടർ ഡോ. പി.ടി.എൻ. വാസുദേവൻ മൂസ്സ് സ്വാഗതവും മാർക്കറ്റിങ്ങ് മാനേജർ ജയകൃഷ്ണൻ നമ്പി നന്ദിയും പറഞ്ഞു.

ഈ ചടങ്ങിനോടനുബന്ധിച്ച് നടത്തിയ ആയുർവേദ സെമിനാറിൽ ദോഷോപക്രമണീയം - ഒരു വിചിന്തനം ത്രിദോഷോപക്രമം - തത്വവും പ്രയോഗവും എന്ന വിഷയത്തിൽ ഡോ. ജി. ശ്യാമകൃഷ്ണൻ, കാലം, അവസ്ഥ, ഔഷധം എന്നിവ ഉപക്രമത്തിൽ എന്ന വിഷയത്തിൽ ഡോ. പി.എസ്. ശ്രീകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഡോ. എ.എൻ.നാരായണൻ നമ്പി മോഡറേറ്റർ ആയ സെമിനാറിൽ പാനലംഗങ്ങളായ ഡോ. കെ.പി. മുരളീധരൻ, ഡോ. എം.പി. ഈശ്വരശർമ്മ, ഡോ. കെ. മുരളി, ഡോ. പി.കെ. വി. ആനന്ദ് എന്നിവരുടെ നേതൃത്വത്തിൽ ‘ദോഷോപക്രമണീയം - ഒരു വിചിന്തനം എന്ന വിഷയത്തിൽ വിശദമായ ചർച്ച നടത്തി. വിവിധ ആയുർവേദ കോളേജുകളിൽ നിന്നായി അഞ്ഞൂറോളം വിദ്യാർത്ഥികളും വിവിധ ജില്ലകളിൽ നിന്നായി ഇരുനൂറോളം ഡോക്ടർമാരും സെമിനാറിൽ പങ്കെടുത്തു.


